(ബി) അറസ്റ്റ് ചെയ്ത വിദ്യാർത്ഥി സംഘടനാപ്രവർത്തകരെ വിലങ്ങുവെച്ച് കോടതിയിൽ ഹാജരാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) വിലങ്ങുവെക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത നിർദ്ദേശങ്ങൾ അനുസരിച്ചാണോ വിദ്യാർത്ഥികളുടെ കൈകളിൽ വിലങ്ങുവെച്ച് കോടതിയിൽ ഹാജരാക്കിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തിട്ടില്ല. മറിച്ച്, കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതിനാണ് അറസ്റ്റ് ചെയ്തത്.

(ബി) ഉണ്ട്. 7-7-2003-ൽ വിദ്യാർത്ഥികളെ വിലങ്ങ് വെച്ച് കോടതിയിൽ ഹാജരാക്കിയത് സംബന്ധിച്ച്, തിരുവനന്തപുരം സിറ്റി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം അസിസ്റ്റൻഡ് കമ്മീഷണർ നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം സിറ്റി ട്രാഫിക് സൗത്ത് വിഭാഗം അസിസ്റ്റൻഡ് പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കൈവിലങ്ങ് വെക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ പ്രസക്തഭാഗത്തിന്റെ പകർപ്പ് ഇതോടൊപ്പം പ്രത്യേകമായി ചേർത്തിരിക്കുന്നു.* പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായാണോ, വിദ്യാർത്ഥികളെ വിലങ്ങുവെച്ചത് എന്ന് വിശദമായ അന്വേഷണം നടന്നുവരുന്നു.

കോടതിയിൽ ചാർജ്ഷീറ്റ് നൽകാനുള്ള കേസുകൾ

147 (3784) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത എത്ര കേസുകൾ കോടതികളിൽ ചാർജ് ഷീറ്റ് നൽകാൻ ബാക്കിയുണ്ടെന്നുള്ളത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസുകൾക്ക് എത്ര കാലം പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസുകളുടെ ചാർജ് ഷീറ്റുകൾ എന്നേക്ക് കോടതികളിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30,905 കേസുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

* സുപ്രീം കോടതിവിധിയുടെ പകർപ്പ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10-10-1987 മുതലുള്ള കേസുകൾ.

(സി) കേസന്വേഷണം പൂർത്തിയാവുന്നമുറയ്ക്ക് ചാർജ് ഷീറ്റുകൾ സമർപ്പിക്കുന്നതാണ്.

അഞ്ചൽ പോലീസ് സ്റ്റേഷനിലെ ക്രൈം 465/00-ാം നമ്പർ കേസ് പുനരന്വേഷണം

148 (3791) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ പോലീസ് സ്റ്റേഷനിലെ ക്രൈം 465/00-ാം നമ്പർ കേസ് വ്യാജമാണെന്നും ആയത് പുനരന്വേഷണം നടത്തണമെന്നും കേസന്വേഷണം നടത്തിയ പോലീസ് സബ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വിജിലൻസ് ബ്യൂറോ നൽകിയ റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത കേസിൻമേൽ പുനരന്വേഷണം നടത്തിയോ ;

(ബി) പുനരന്വേഷണത്തിൽ കേസ് വ്യാജവും കെട്ടിച്ചമച്ചതുമാണെന്ന് സർക്കാരിന് ബോദ്ധ്യം വന്നിട്ടുണ്ടോ ;

(സി) പുനരന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്തുമോ ;

(ഡി) വ്യാജമായി കേസ് കെട്ടിച്ചമച്ച പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ കേസ് വ്യാജമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോദ്ധ്യമായതിനെ തുടർന്ന് പുനലൂർ ഡി.വൈ.എസ്.പി. റഫർ ചാർജ് കൊടുത്തിരുന്നു എന്ന വസ്തുത ശരിയാണോ ;

(എഫ്) മേൽപ്പറഞ്ഞ കേസിലെ ഒരു എതിർകക്ഷി മൂന്ന് മോഷണ കേസിലെ പ്രതിയും, ശിക്ഷ ലഭിച്ചിട്ടുള്ള ആളുമാണെന്ന വസ്തുത ശരിയാണോ ;

(ജി) ഈ എതിർ കക്ഷിയുടെ പേര് വെളിപ്പെടുത്തുമോ ;

(എച്ച്) ശ്രീ. കുര്യൻ ജോർജിനെതിരെ ഇപ്രകാരം ഒരു വ്യാജകേസ് ഉണ്ടാക്കുവാനിടയായ സാഹചര്യവും കാരണങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ) പുനരന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 147 (3784) ദയവായി കാണുക]

ജില്ല	എണ്ണം
തിരുവനന്തപുരം സിറ്റി	1247
തിരുവനന്തപുരം റൂറൽ	2669
എ.ഡി.ജി.പി (ക്രൈംസ്)	861
കൊല്ലം	3121
പത്തനംതിട്ട	845
ആലപ്പുഴ	2263
കോട്ടയം	1953
ഇടുക്കി	1170
കൊച്ചി സിറ്റി	1143
എറണാകുളം റൂറൽ	1712
തൃശ്ശൂർ	2483
പാലക്കാട്	1698
മലപ്പുറം	1297
കോഴിക്കോട് സിറ്റി	1989
കോഴിക്കോട് റൂറൽ	3048
വയനാട്	672
കണ്ണൂർ	1366
കാസർഗോഡ്	1368
	30905

LIBRARY ARCHIVES Kerala Legislative Assembly